**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 191** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>സർക്കാർ തലത്തിൽ ജില്ലാ, താലൂക്ക് ആശുപത്രികളിൽ നേഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ആര്യാടൻ ഷൗക്കത്ത് ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സ്വദേശത്തും വിദേശത്തും ഏറെ ജോലി സാദ്ധ്യതയുള്ള നഴ്സിംഗ് പഠനത്തിനായി സംസ്ഥാനത്ത് നിന്നുള്ള വിദ്യാർത്ഥികൾ അന്യസംസ്ഥാനങ്ങളിലേക്ക് വലിയ തുക മുടക്കി പഠനത്തിനായി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഏകദേശം 50000ൽപ്പരം അപേക്ഷകളാണ് നഴ്സിംഗ് പ്രവേശനത്തിനായി വിദ്യാർഥികളിൽനിന്നും ലഭിക്കുന്നത്. എന്നാൽ നിലവിൽ 10000 ത്തിൽപ്പരം സീറ്റുകളിൽ മാത്രമാണ് നഴ്സിംഗ് പ്രവേശനം നൽകാൻ സാധിക്കുന്നത്. ഈ സാഹചര്യത്തിലാണ് നഴ്സിംഗ് പ്രവേശനം ലഭിക്കുന്നതിനും പഠനത്തിനുമായി വിദ്യാർഥികൾ ഇതര സംസ്ഥാനങ്ങളിലെ കോളേജുകളെ ആശ്രയിക്കുന്നത്.

**(ബി)** കേരളത്തിൽ സർക്കാർ തലത്തിൽ ജില്ലാ, താലൂക്ക് ആശുപത്രികളിൽ നേഴ്സിംഗ് കോളേജ് തുടങ്ങുവാൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ജില്ലാ, താലൂക്ക് തലങ്ങളിൽ നേഴ് സിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**(സി)** നിലമ്പൂർ ജില്ലാ ആശുപത്രിയോടനുബന്ധിച്ച് ഒരു സർക്കാർ നേഴ്സിംഗ് കോളേജ് ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** നിലമ്പൂർ ജില്ലാ ആശുപത്രിയുടെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി മു ഖേന നേഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനായി ലഭിച്ച അപേക്ഷ സർക്കാർ പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**